# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1607 — 12/06/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് പദ്ധതിയിൽ സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; | എ) | ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹരായി കണ്ടെത്തിയ 87573 ഗുണഭോക്താക്കളിൽ 86192 പേർക്കാണ് ഇതുവരെ വീടുകൾ നിർമ്മിക്കാനുള്ള അനുമതി നൽകിയിട്ടുള്ളത്. |
| ബി) | എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചുവെന്നും എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കിയെന്നും അറിയിക്കുമോ; | ബി) | 86192 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അതിൽ 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇത് കൂടാതെ PMAY (നഗരം) - ലൈഫ് പദ്ധതിയിൽ 18733 വീടുകളും, PMAY (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 15754 വീടുകളും പൂർത്തീകരിച്ചു. |
| സി) | ലൈഫ് മിഷന്റെ ഭവനനിർമ്മാണ പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ? | സി) | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും 4 ലക്ഷം രൂപ അനുവദിക്കുന്നു. ഇതിൽ സംസ്ഥാന സർക്കാർ വിഹിതമായി ഒരു ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതമായി 80000 രൂപയും ഹഡ്കോ വായ്പയായി 2,20,000 രൂപയും ഉൾപ്പെടുന്നു. PMAY (നഗരം) - ലൈഫ് പദ്ധതിയിൽ കേന്ദ്ര സർക്കാർ 1,50,000 രൂപ നൽകുന്നു. 50,000 രൂപ സംസ്ഥാന സർക്കാർ നൽകുന്നു. 2,00,000 |

| | | | |
|---|---|---|---|
| | | | നഗരസഭകൾ നൽകുന്നു. PMAY (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ കേന്ദ്ര സർക്കാർ, 72,000 രൂപയും സംസ്ഥാന സർക്കാർ 48,000 രൂപയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2,80,000 രൂപ നൽകുന്നു. |

സെക്ഷൻ ഓഫീസർ